സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി നടപടി

21 (*261) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ബാബു :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത് ;

(സി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര സർക്കാർ പോളിടെക്നിക്കുകളിൽ ഇത്തരം ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ കഴിഞ്ഞു ;

(ഡി) അടുത്ത അദ്ധ്യയനവർഷത്തിൽ കൂടുതലായി എത്ര പോളിടെക്നിക്കുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കാനും എഞ്ചിനീയറിംഗ് ഗവേഷണം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ച് സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (CERD) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 15-6-2010-ൽ ഉത്ഘാടനം നിർവ്വഹിക്കപ്പെട്ട ഈ കേന്ദ്രത്തിന്റെ ആസ്ഥാനം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ആണ്.

ഗവേഷണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗവേഷണത്തിനാവശ്യമായ തുക ലഭ്യമാക്കാൻ വിവിധ ഏജൻസികളുമായി ബന്ധപ്പെടുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ശിൽപ്പശാലകൾ നടത്തുക, ഗവേഷണം തുടങ്ങാനാവശ്യമായ തുക ലഭ്യമാക്കുക, ഗവേഷകർക്ക് അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകുക തുടങ്ങി ഗവേഷകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാനാണ് ഈ കേന്ദ്രം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ ഉപഗ്രഹ കേന്ദ്രങ്ങൾ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അവ ചുവടെ പറയുന്നു.

1. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ.

LIBRARY ARCHIVES Kerala Legislative Assembly

2. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
3. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ഇടുക്കി.
5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.
6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.
7. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, മാനന്തവാടി.
8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
9. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.

(സി) സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) എല്ലാ സർക്കാർ പോളിടെക്നിക്കുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

വനംവകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം

22 (*262) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തു ;

(സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ;

(ഡി) മെച്ചപ്പെട്ട ഔഷധ സസ്യങ്ങൾ നഴ്സറികളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനംവകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള നല്ലയിനം വിത്തുകൾ ഉപയോഗിക്കുക, തൈകളെ കീടങ്ങളിൽ നിന്നും സംരക്ഷിക്കുക, ആവശ്യമായ ബയോഫെർട്ടിലൈസേഴ്സ് ഉപയോഗിക്കുക, കളകൾ യഥാസമയം നീക്കം ചെയ്യുന്നതിനും തൈകളുടെ സംരക്ഷണത്തിനും പ്രത്യേകം വാച്ചർമാരെ നിയോഗിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly